ഗവ: ഹൈസ്കൂൾ കുറുമ്പാല

# ലിറ്റിൽ ന്യൂസ്



ജനുവരി 2025

LK/2018/15088 littlekites15088@gmail.com

## സംസ്ഥാന സ്കൂൾ കലോത്സവം

## ചരിത്രനേട്ടത്തോടെ ജി എച്ച് എസ് കുറുമ്പാല







കുപ്പാടിത്തറ: 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരത്ത് വെച്ച് നടന്ന അറുപത്തിമൂന്നാമത് കേരള സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം (ജനറൽ) കഥാരചന ഉർദു,പ്രസംഗം ഉർദു,ഉപന്യാസം ഉർദു, എന്നീ മത്സരങ്ങളിൽ എ ഗ്രേഡോടെ ശ്രദ്ധേയരായി ജി.എച്ച്.എസ് കുറുമ്പാലയിലെ മിടുക്കികൾ.

വിദ്യാലയത്തിൻെറ ചരിത്രത്തിലാദ്യമായിട്ടാണ് ഒരേ സമയം മൂന്ന് ഇനങ്ങളിൽ സംസ്ഥാന കലോത്സവത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതും പങ്കെടുത്ത മൂന്ന് ഇനങ്ങളിലും എ ഗ്രേഡ് നേടുന്നതും.ഉർദു ഉപന്യാസ രചനയിൽ മുബഷിറ എ ഗ്രേഡ് നേടിയപ്പോൾ ഉർദു കഥാരചനയിലും പ്രസംഗത്തിലും എ ഗ്രേഡ് നേടി ഫാത്തിമത്തു ഫർഹാന ഇരട്ട നേട്ടത്തിന് അർഹയായി.പങ്കെടുത്ത മൂന്ന് ഇനങ്ങളിലും എ കരസ്ഥമാക്കി വിദ്യാലയത്തിൻെറ യശസ്സ് വാനോളമുയർത്തിയ പ്രതിഭകളെ പി ടി എ - സ്റ്റാഫ് കൗൺസിൽ യോഗം അഭിനന്ദിച്ചു.പ്രത്യേക ചടങ്ങിൽ മൊമെൻേറായും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

## എൽ കെ ഇല്ലുമിനേഷൻ അവാർഡ്

## അദ്വൈത് എസ് കൃഷ്ണയ്ക്ക്



കുപ്പാടിത്തറ: കുറുമ്പാല ഗവ. ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഒരുക്കിയ പ്രഥമ എൽ കെ ഇല്ലുമിനേഷൻ അവാർഡ് 2024 ന് പൂതാടി ശ്രീ നാരായണ ഹയർ സെക്കണ്ടറി സ്കൂളിലെ പത്താം തരം വിദ്യാർഥിയായ അദ്വൈത് എസ് കൃഷ്ണ അർഹനായി.ആയിരത്തി ഒന്ന് രൂപയും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.വയനാട് ജില്ലയിലെ ഗവൺമെൻറ്, എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി സംഘടിപ്പിച്ച അനിമേഷൻ മത്സരത്തിലൂടെയാണ് പുരസ്കാര ജേതാവിനെ കണ്ടെത്തിയത്.

റോഡ് സുരക്ഷാ ബോധവത്ക്കരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ സംഘടിപ്പിച്ച അനിമേഷൻ നിർമ്മാണ മത്സരത്തിൽ ജില്ലയിലെ വിവിധ വിദ്യാലയങ്ങളിലെ കുട്ടികൾ പങ്കെടുത്തിരുന്നു.അനിമേഷൻ മേഖലകളിൽ പ്രതിഭയുള്ള കുട്ടികളെ കണ്ടെത്തുക, പ്രോത്സാഹിപ്പിക്കുക, അംഗീകരിക്കുക, സാങ്കേതിക ശേഷികൾ ശരിയായ രൂപത്തിൽ ഉപയോഗപ്പെടുത്തി സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പുരസ്കാരം ഒരുക്കുന്നത്.

# സ്ററാർ ഗ്രൂപ്പംഗങ്ങളെ അനുമോദിച്ചു



കുപ്പാടിത്തറ: കുറുമ്പാല ഗവ. ഹൈസ്കൂളിൻെറ തനത് പ്രവർത്തനമായ സ്റ്റാർ പദ്ധതിയുടെ ഭാഗമായി രണ്ടാം ടേമിൽ അക്കാദമിക മികവ് പുലർത്തിയ കുട്ടികളെ സ്റ്റാറുകൾ(Excellent,Good,star) അണിയിച്ച് അനുമോദിച്ചു. സ്കൂൾ അസംബ്ലിയിൽ നടത്തിയ ചടങ്ങ് ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് ഉദ്ഘാടനം ചെയ്തു.മികവ് പുലർത്തുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ കഴിഞ്ഞ രണ്ട് വർഷമായി തുടരുന്ന ഈ പദ്ധതിയിലൂടെ വിദ്യാലയത്തിൻെറ അക്കാദമിക നിലവാരത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

# ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു







കുപ്പാടിത്തറ: വിദ്യാലയത്തിലെ സ്കൂൾ സോഷ്യൽ സർവീസ് സ്കീം ക്ലബ്ബിൻെറ ഏകദിന ക്യാമ്പ് ജനുവരി 18 ന് ശനിയാഴ്ച്ച സ്കൂളിൽ വെച്ച് സംഘടിപ്പിച്ചു.ക്യാമ്പിൻെറ ഉദ്ഘാടനം ഹെഡ്മാസ്റ്റർ അബ്ദുൽ റഷീദ് കെ നിർവ്വഹിച്ചു. ക്യാമ്പിൻെറ ഭാഗമായി ബോധവത്ക്കരണ ക്ലാസ്, കാമ്പസ് ശുചീകരണം എന്നിവ നടത്തി.

സാമൂഹിക സേവനം സഹജീവനം എന്ന വിഷയത്തിൽ നൽകിയ അവബോധം ക്ലാസിന് അമൃത വിദ്യാലയം ട്യൂട്ടർ ജോസഫ് സർ നേതൃത്വം നൽകി.കാമ്പസ് ശുചീകരണ പ്രവർത്തനങ്ങൾക്ക് അധ്യാപകരായ ഹാരിസ് കെ, ജീന ജോർജ്,വർഷ,അനില എസ് എന്നിവർ നേതൃത്വം നൽകി. ക്യാമ്പംഗങ്ങൾക്ക് വിഭവ സമൃദമായ ഉച്ച ഭക്ഷണം നൽകി.

## പഠന വിനോദ യാത്ര സംഘടിപ്പിച്ചു

കുപ്പാടിത്തറ: കുറുമ്പാല ഗവ.ഹൈസ്കൂളിലെ പ്രൈമറി വിഭാഗം കുട്ടികൾക്കായുള്ള പഠന വിനോദ യാത്ര കോഴിക്കോടേയ്ക്ക് സംഘടിപ്പിച്ചു.സയൻസ് പാർക്ക്, മ്യൂസിയം,പ്ലാനിറ്റോറിയം,മാതൃഭൂമിപ്രസ്,ബേപ്പൂർ, ബീച്ച് തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു.യാത്രയിൽ മുപ്പത്തിരണ്ട് കുട്ടികളും അധ്യാപകരും പങ്കെടുത്തു.

## ഐ ടി മോഡൽ പരീക്ഷ പൂർത്തിയായി



കുപ്പാടിത്തറ: എസ് എസ് എ ൽ സി- ഐ ടി മോഡൽ പരീക്ഷ പൂർത്തിയായി. പത്താം ക്ലാസിലെ നാൽപത് കുട്ടികളും പരീക്ഷയിൽ ഹാജരായി.

# പച്ചക്കറി കൃഷിയിൽ നൂറ്മേനിയുമായി പരിസ്ഥിതി ക്ലബ്ബ്



കുപ്പാടിത്തറ: പച്ചക്കറി കൃഷിയിൽ നൂറ്മേനിയുമായി വിദ്യാലയത്തിലെ പരിസ്ഥിതി ക്ലബ്ബ്.ക്ലബ്ബിൻെറ നേതൃത്വത്തിൽ നട്ടുവളർത്തിയ പച്ചക്കറികളുടെ വിളവെടുപ്പ് ഉദ്ഘാടനം പി ടി എ പ്രസിഡൻറ് ഇ കെ ഷറഫുദ്ദീൻ നിർവ്വഹിച്ചു.പടിഞ്ഞാറത്തറ കൃഷിഭവനിൽ നിന്നും മറ്റും ലഭിച്ച മുളക്, തക്കാളി, വഴുതന, ക്യാബേജ്,



കോളിഫ്ലവർ, തുടങ്ങിയ പച്ചക്കറി തൈകൾ ഉപയോഗപ്പെടുത്തിയാണ് പച്ചക്കറിതോട്ടം ഒരുക്കിയത്.തോട്ടം ക്ലബ്ബംഗങ്ങളുടെ നേതൃത്വത്തിൽ പരിപാലിച്ചു വരുന്നു.

ചടങ്ങിൽ ഹെഡ്മാസ്റ്റർ അബ്ദുൽ റഷീദ് കെ, എം പി ടി എ പ്രസിഡൻറ് ഗീത ചന്ദ്രശേഖരൻ, സീനിയർ അസിസ്റ്റൻറ് സിബി ടി വി, ക്ലബ്ബ് കൺവീനർ അന്നമ്മ പി യു, മറ്റ് അധ്യാപകർ, ക്ലബ്ബംഗങ്ങൾ പങ്കെടുത്തു.

# 'അവിൽ' ഒരുക്കി രണ്ടാം ക്ലാസുകാർ



കുപ്പാടിത്തറ: കുറുമ്പാല ഗവ.ഹൈസ്കൂളിലെ രണ്ടാം ക്ലാസിലെ കുട്ടികൾ സംഘടിപ്പിച്ച 'അവിൽ കുഴയ്ക്കാം" എന്ന പഠനപ്രവർത്തനം ശ്രദ്ധേയമായി.മലയാളം പാഠപുസ്തകത്തിലെ 'അറിഞ്ഞു കഴിക്കാം' എന്ന പാഠഭാഗത്തിൻെറ പഠനപ്രവർത്തനത്തിൻെറ ഭാഗമായിട്ടാണ് ഈ പ്രവർത്തനം നടത്തിയത്. ആഹാരം പാകം ചെയ്യുന്നത് വ്യത്യസ്ത രീതിയിലാണെന്ന് തിരിച്ചറിയുക,പാചകക്കുറിപ്പുകൾ തയ്യാറാക്കുക എന്നീ പഠന നേട്ടങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനമായിരുന്നഇത്.

വിവിധതരം ആഹാര വസ്തുക്കളുടെ പാചകക്കുറിപ്പുകൾ തയ്യാറാക്കി. ഇതിൽ അവിൽ കുഴയ്ക്കാം എന്ന പ്രവർത്തനമാണ് ക്ലാസിൽ ചെയ്തത്.ഇതിനായി കുട്ടികൾ തന്നെ അവിൽ, പഴം, ശർക്കര, ഏലയ്ക്കാപ്പൊടി, തേങ്ങ എന്നിവ കൊണ്ടുവന്നാണ് ഈ പ്രവർത്തനം ചെയ്തത്.

കടയിൽ നിന്നും മറ്റും വാങ്ങുന്ന ആഹാര സാധനങ്ങളിൽ രുചി, മണം, നിറം എന്നിവ കൂട്ടാനും, കൂടുതൽ കാലം കേടുകൂടാതെയിരിക്കാനും ആരോഗ്യത്തിന് ദോഷം ചെയ്യുന്ന വസ്തുക്കൾ ചേർക്കുന്നു എന്ന് തിരിച്ചറിവ് ഈ പ്രവർത്തനത്തിലൂടെ കുട്ടിക്ക് ലഭിക്കുന്നു

സീനിയർ അസിസ്റ്റൻറ് സിബി ടി വി ഉദ്ഘാടനം ചെയ്തു.ക്ലാസ് ടീച്ചർ രസിത പ്രോഗ്രാം കോർഡിനേറ്റ്ചെയ്തു. .

# മോട്ടിവേഷൻ ക്ലാസ് നൽകി



കുപ്പാടിത്തറ: കുറുമ്പാല ഗവ. ഹൈസ്കൂളിലെ പത്താം ക്ലാസിലെ കുട്ടികൾക്കായി മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിച്ചു.20-01-2025 ന് നൽകിയ ക്ലാസിൻെറ ഉദ്ഘാടനം ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് നിർവ്വഹിച്ചു.പിടിഎ പ്രിസിഡൻറ് ഇ കെ ഷറഫുദ്ദീൻ അധ്യക്ഷത വഹിച്ചു.സീനിയർ അസിസ്റ്റൻറ് സിബി ടി വി, എസ് ആർ ജി കൺവീനർ സുധീഷ് വി സി എന്നിവർ പങ്കെടുത്തു.ക്ലാസിന് പ്രമുഖ ട്രൈനർ സുജിത്ത് ലാൽ നേതൃത്വം നൽകി.

# ബോധവത്ക്കരണ ക്ലാസുകൾ നൽകി

കുപ്പാടിത്തറ: വയനാട് ജില്ലാ പഞ്ചായത്തും, കുടുംബശ്രീ മിഷൻ വയനാടും സംയുക്തമായി നൽകുന്ന വിദ്യാർത്ഥികൾക്കുള്ള അവബോധ പരിപാടിയുടെ ഭാഗമായി കുറുമ്പാല ഗവ. ഹൈസ്കൂളിലെ കുട്ടികൾക്കും ബോധവത്ക്കരണ ക്ലാസ് നൽകി.ക്ലാസിന് പ്രമുഖ ട്രൈനർ സുജിത്ത് ലാൽ നേതൃത്വം നൽകി.

ജില്ലാ ലീഗൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി നിയമ പഠന ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു.ജില്ലാ കോടതിയിലെ അഡ്വ.വിനീത ക്ലാസിന് നേതൃത്വം നൽകി.

# എസ് എസ് എൽ സി പഠന ക്യാമ്പിന് തുടക്കമായി

കുപ്പാടിത്തറ: എസ് എസ് എൽ സി പരീക്ഷാ ഒരുക്കങ്ങളിടെ ഭാഗമായി വിദ്യാലയത്തിലെ പത്താം ക്ലാസിലെ കുട്ടികൾക്കായി പഠന ക്യാമ്പ് ആരംഭിച്ചു.പത്താം തരത്തിൽ ആകെയുള്ള നാൽപ്പത് കുട്ടികളെ Astrapi, Thumos, Kairos എന്നീ പേരുകളിൽ മൂന്ന് ഗ്രൂപ്പുകളാക്കി തിരിച്ചാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.മുഴുവൻ പഠന നേട്ടങ്ങളും കുട്ടികളിൽ എത്തിക്കുന്നതിനോടൊപ്പം,എല്ലാ വിഷയങ്ങളിലും കുട്ടികളുടെ മിനിമം ഗ്രേഡ് ഉറപ്പ് വരുത്തി, ഫുൾ എ പ്ലസുകളുടെ എണ്ണം വർദ്ധിപ്പിച്ച് നൂറ് ശതമാനം വിജയം കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പിൻെറ പ്രവർത്തനം.ഇതിൻെറ ഭാഗമായി ഓരോ അധ്യാപകനും അഞ്ച് കുട്ടികൾ എന്ന രൂപത്തിൽ ദത്ത് നൽകി പ്രത്യേക ശ്രദ്ധ ഉറപ്പ്വരുത്തുന്നു. ജനുവരി ആദ്യ വാരം തുടങ്ങിയ ക്യാമ്പ് കാലത്ത് 8:30 മുതൽ വൈകുന്നേരം 5 മണിവരെ നാല് സെക്ഷനുകളായിട്ടാണ് നടത്തുന്നത്.

ക്യാമ്പിന്റെ മുന്നോടിയായി എസ് ആർ ജി യോഗങ്ങളും, രക്ഷിതാക്കളുടെ യോഗവും ചേരുകയുണ്ടായി.രക്ഷിതാക്കളുടെ സഹകരണത്തോടെ കുട്ടികൾക്കെല്ലാം ചായയും പലഹാരവും നൽകി വരുന്നു

# ലാപ്ടോപ്പുകൾ ഏറ്റുവാങ്ങി

കൽപ്പറ്റ:വയനാട് ജില്ലാ പഞ്ചായത്തിൻെറ 2024-25 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ വിവിധ വിദ്യാലയങ്ങൾക്ക് അനുവദിച്ച ലാപ്ടോപ്പുകളുടെ വിതരണോദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സംഷാദ് മരയ്ക്കാർ നിർവ്വഹിച്ചു.ജില്ലാ പഞ്ചായത്ത് ആരോഗ്യ-സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ എം മുഹമ്മദ് ബഷീർ അധ്യക്ഷത വഹിച്ചു.കുറുമ്പാല ഹൈസ്കൂന് വേണ്ടി ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ്,പിടിഎ പ്രിസിഡൻറ് ഇ കെ ഷറഫുദ്ദീൻ, എസ് ഐ ടി സി ഹാരിസ് കെ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്ത് ലാപ്ടോപ്പുകൾ ഏറ്റുവാങ്ങി.

# ലീപ് പ്രോജക്ട് - ടെസ്റ്റ് നടത്തി



കുപ്പാടിത്തറ: എസ് എസ് കെ വയനാടിൻെറ ലീപ് പദ്ധതിയുടെ ഭാഗമായി വിദ്യാലയത്തിലെ പത്താം ക്ലാസിലെ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി സൈക്കോ മെട്രിക് പരീക്ഷ നടത്തി. പരീക്ഷയ്ക്ക് ബി ആർ സി പ്രതിനിധികൾ നേതൃത്വം നൽകി.



റിപ്പബ്ലിക് ദിനത്തിൽ ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് പതാക ഉയർത്തുന്നു

# നിർവ്വഹണ സമിതി യോഗം ചേർന്നു



കുപ്പാടിത്തറ:കുറുമ്പാല ഗവ. ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നിർവ്വഹണസമിതി അംഗങ്ങളുടെ യോഗം 20-01-2025 ന് സ്കൂൾ ലൈബ്രറിയിൽ ചേർന്നു. ചെയർമാൻ ഇ കെ ശറഫുദ്ദീൻ അധ്യക്ഷത വഹിച്ചു. ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.

എൽ കെ ഇല്ലുമിനേഷൻ അവാർഡ് ജേതാവിനെ കണ്ടെത്തുന്നതുമായി നടത്തിയ അനിമേഷൻ മത്സരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു. അവാർഡിനായി പുരസ്കാര സമിതി നിർദ്ദേശിച്ച ലിസ്റ്റ് യോഗം അംഗീകരിച്ചു. അനിമേഷൻ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി പ്രഥമ എൽ കെ ഇല്ലുമിനേഷൻ അവാർഡിന് അർഹത നേടിയ പൂതാടി ശ്രീ നാരായണ ഹയർ സെക്കണ്ടറി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥിയായ അദ്വൈത് എസ് കൃഷ്ണയെ യോഗം അഭിനന്ദിച്ചു.കൂടാതെ മത്സരത്തിൽ പങ്കെടുത്ത ജില്ലയിലെ വിവിധ ഹൈസ്കൂളുകളിലെ കുട്ടികളെയും അഭിനന്ദിക്കുകയും ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നന്ദി രേഖപ്പെടുത്തുകയും ചെയ്തു. സ്കൂൾ വാർഷിക വേദിയിൽ വെച്ച് പുരസ്കാര വിതരണം നടത്താമെന്നുംതീരുമാനിച്ചു.

ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ്, എം പി ടി എ പ്രസിഡന്റ് ഗീത ചന്ദ്രശേഖരൻ,ലിറ്റിൽ കൈറ്റ്സ് കൺവർമാരായ ഹാരിസ് കെ,അനില എസ്, ക്ലബ്ബ് ലീഡർ മുഹമ്മദ്നാഫിൽ,സ്കൂൾ ലീഡർ റെന ഷെറിൻ, ഡെപ്യൂട്ടി ലീഡർ സന ഫാത്തിമ എന്നിവർ പങ്കെടുത്തു.

# ഉന്നതികളിൽ സന്ദർശനം നടത്തി

കുപ്പാടിത്തറ: ഗോത്ര വിഭാഗം കുട്ടികളുടെ കൊഴിഞ്ഞ്പോക്ക് തടയുക, മുഴുവൻ കുട്ടികളെയും വിദ്യാലയങ്ങളിലെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ എല്ലാ ആഴ്ച്ചയും അധ്യാപകരുടെ ഒരു ടീം ഉന്നതികൾ സന്ദർശിക്കുന്നു.വരട്ടിയർകുന്നു,



ചണാലത്ത് തുടങ്ങിയ ഉന്നതികളിലേയ്ക്ക് നടത്തിയ സന്ദർശനത്തിൽ അധ്യാപകരായ ഹാരിസ് കെ,സുഭാഷ്പോൾ, വസന്ത, ധന്യ ജോസഫ് എന്നിവരും വൈത്തിരി ബി ആർ സി പ്രതിനിധികളും പങ്കെടുത്തു.

## ആദരാഞ്ജലികൾ



പി ജയചന്ദ്രൻ
പ്രമുഖ ഗായകൻ
ചരമം : 09-01-2025

## മറ്റ് വാർത്തകൾ

* മലയാളിയായ ജ. വിനോദ് ചന്ദ്രൻ സുപ്രീം കോടതി ജഡ്ജിയായി നിയമിതനായി.
* ഇസ്രായേൽ-ഫലസ്തീൻ വെടിനിർത്തൽ കരാർ നിലവിൽ വന്നു.
*ബഹിരാകാശത്ത് വെച്ച് ഉപഗ്രഹങ്ങളെ കൂട്ടിയോജിപ്പിക്കുന്ന സ്പേസ് ഡോക്കിങ് (സ്പേഡെക്സ്) ഇസ്രോ (ഇന്ത്യൻ ബഹിരാകാശ ഗവേഷണ ഏജൻസി) വിജയകരമായി പൂർത്തിയാക്കി.
* അമേരിക്കയുടെ നാൽപ്പത്തി ഏഴാമത് പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് അധികാരമേറ്റു.
* ICC ക്രിക്കറ്റർ ഓഫ് ദ ഇയർ പുരസ്കാരം ഇന്ത്യൻ ക്രിക്കറ്റ് താരം ജസ്പ്രീത് ബുംറയ്ക്ക്.

**വാർത്തകൾ തയ്യാറാക്കിയത്**
മുഹമ്മദ് ഫയാസ്, റിസ്‌വാന ഷെറിൻ, ആയിഷ ഹഫ്ന